06 ഡിസംബർ 2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. of Kerala

ലക്കം: 025



# കൊച്ചി മുസിരിസ് ബിനാലെയിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമാകാൻ കുടുംബശ്രീയും

- ധാരണാപത്രം ഒപ്പുവച്ചു
- ബിനാലെ നടക്കുന്ന മൂന്നു മാസവും കഫേ കുടുംബശ്രീയുടെ ഫുഡ് കോർട്ട്
- വനിതകൾക്കായി ചിത്രരചനാ ക്യാമ്പ്, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കും

കലയും സംസ്കാരവും വിദ്യയും സമന്വയിക്കുന്ന നാലാമത് കൊച്ചി മുസിരിസ് ബിനാലെയിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി തിളങ്ങാൻ കുടുംബശ്രീയും. നേതൃത്വം വഹിക്കുന്നത് മുതൽ ശ്രദ്ധേയമായ എല്ലാ പരിപാടികളിലും വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരായ സ്ത്രീകളുടെ സാന്നിധ്യമാണ് ഈ വർഷത്തെ മുസിരിസ് ബിനാലെയുടെ പ്രത്യേകത. ഡിസംബർ 12 മുതൽ മാർച്ച് 31 വരെയാണ് ബിനാലെ സംഘടിപ്പിക്കുന്നത്. ബിനാലെയിൽ കുടുംബശ്രീ പ്രമുഖ പങ്കാളിത്തം വഹിക്കുന്നത് സംബന്ധിച്ച ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, മുസിരിസ് ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി എന്നിവർ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി എ.സി. മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ചു.

കല, സംസ്കാരം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഏറെ പ്രോത്സാഹനം നൽകുന്ന കൊച്ചി ബിനാലെയും കുടുംബശ്രീയും തമ്മിൽ പരസ്പര സംയോജനവും വിജ്ഞാനം പങ്കുവയ്ക്കലുമാണ് മൂന്നു മാസം നീണ്ടു നിൽക്കുന്ന ബിനാലെയിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഇരുപത് വർഷങ്ങളിലെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീകൾക്ക് ജനാധിപത്യ സംവിധാനത്തിലും സമൂഹത്തിന്റെ മുഖ്യധാരയിലും തങ്ങളുടേതായ ഇടം കണ്ടെത്താൻ സഹായിക്കുകയും സാധാരണക്കാരായ സ്ത്രീകളുടെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിലൂടെ സ്ത്രീശാക്തീകരണത്തിന് മികച്ച സംഭവാനകൾ നൽകിയ പ്രസ്ഥാനമെന്ന നിലയ്ക്കാണ് ഇത്തവണ കൊച്ചി മുസിരിസ് ബിനാലെയിൽ പങ്കാളിത്തം വഹിക്കാനുള്ള അവസരം കുടുംബശ്രീക്ക് ലഭിച്ചത്.

ബിനാലെ നടക്കുന്ന തൊണ്ണൂറു ദിവസങ്ങളിലും മുഖ്യവേദികളിലൊന്നായ കബ്രാൽ യാർഡിൽ തിരുവിതാംകൂർ-കൊച്ചി-മലബാർ മേഖലയിലെ രുചിവൈവിധ്യങ്ങൾ ആസ്വദിക്കാനുള്ള അവസരമൊരുക്കി കഫേ കുടുംബശ്രീ വനിതകളുടെ ഫുഡ്കോർട്ട് സംഘടിപ്പിക്കുന്നുണ്ട്. കുടുംബശ്രീയുടെ കീഴിലുള്ള ഇരുപതോളം യൂണിറ്റുകളാണ് ഇതിൽ പങ്കെടുക്കുക. കഫേ കുടുംബശ്രീ ഫുഡ് കോർട്ടിൽ വിപണനത്തെ സഹായിക്കുന്നതിനുള്ള ആവശ്യമായ പിന്തുണ ബിനാലെ നൽകും. ഇതോടൊപ്പം സന്ദർശകർക്ക് കുടുംബശ്രീ ഉൽപന്നങ്ങൾ കാണുന്നതിനും വാങ്ങുന്നതിനും അവസരമൊരുക്കി കുടുംബശ്രീ സൂക്ഷ്മസംരംഭകർ നിർമിക്കുന്ന പന്ത്രണ്ടോളം വ്യത്യസ്ത ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നുണ്ട്. പരമ്പരാഗത കരകൗശല രംഗത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകൾ ഉൽപന്നങ്ങൾ നിർമിക്കുന്നതു നേരിട്ടു കാണുന്നതിനുള്ള അവസരവും പ്രമുഖ വേദിയിൽ ലഭിക്കും. മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കളിമൺ പാത്ര നിർമാണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരായിരിക്കും ഇതിനായി എത്തുക. ഇവർ നിർമിക്കുന്ന ഉൽപന്നങ്ങൾ കൂടുതൽ കലാമൂല്യമുള്ളതാക്കി മാറ്റുന്നതിനായി ചിത്രകലാ- പെയിന്റിങ്ങ് രംഗത്തെ നിരവധി കലാകാരൻമാരും ഇവർക്കൊപ്പം അണിനിരക്കും. എല്ലാ ദിവസങ്ങളിലും കുടുംബശ്രീയെ കുറിച്ചുള്ള വീഡിയോയും ബിനാലെയിൽ പ്രദർശിപ്പിക്കും. കൂടാതെ കുടുംബശ്രീ ജെൻഡർ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ത്രീശാക്തീകരണം വിഷയമാക്കി സെമിനാർ സംഘടിപ്പിക്കും. കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ കലാകാരികൾ ബിനാലെയുടെ വേദിയിൽ നാടകവും അവതരിപ്പിക്കുന്നുണ്ട്. ബിനാലെയിൽ കുടുംബശ്രീയുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 1072 സി.ഡി.എസ് ചെയർപേഴ്സൺമാരെയും ബിനാലെയിൽ പങ്കെടുപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നു.

കഴിഞ്ഞ വർഷം കൊച്ചി ബിനാലെയും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിച്ച ചിത്രകലാ പരിശീലന കളരി 'വരയുടെ പെൺമ' ഇത്തവണയും ഇവർക്കായി അരങ്ങേറുന്നു എന്ന പ്രത്യേകതയുമുണ്ട്. ചിത്രകലയിൽ ഏറെ കഴിവുകളുണ്ടായിട്ടും പല കാരണങ്ങൾ കൊണ്ടും അത് പ്രകടിപ്പിക്കാൻ അവസരം ലഭിക്കാതെ പോകുന്ന കുടുംബശ്രീ വനിതകൾക്ക് ചിത്രകലാ വിദഗ്ധരുടെ കീഴിൽ നവീന രീതികൾ പരിശീലിക്കാനും ഈ രംഗത്തെ പ്രമുഖരുമായി പരിചയപ്പെടാനും ബിനാലെ വഴിയൊരുക്കും. ഇതിനായി എല്ലാ ജില്ലകളിൽ നിന്നുമായി ചിത്രരചനയിൽ താൽപര്യമുള്ള നൂറോളം വനിതകളെ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ വിജയം കൈവരിച്ച സ്ത്രീകളെ ഉൾപ്പെടുത്തി സെമിനാറുകളും സംഘടിപ്പിക്കും.

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.പി.അനിൽ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി സന്തോഷ് കുമാർ. എസ്, കൊച്ചിൻ ബിനാലെ ഫൗണ്ടേഷൻ സെക്രട്ടറി വി.സുനിൽ, ട്രഷറർ ബോണി തോമസ്, ഡെവലപ്മെന്റ് ഓഫീസർ എസ്.രാജേന്ദ്രൻ നായർ, കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ പ്രിയ. ഇ എന്നിവർ ധാരണാപത്രം ഒപ്പു വയ്ക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

# കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടത്തിന് തുടക്കം



സംസ്ഥാനത്തെ 43 ലക്ഷം അയൽക്കൂട്ട വനിതകളുടെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ പുരോഗതിയും വ്യക്തിത്വ വികസനവും ലക്ഷ്യമിട്ടു സംഘടിപ്പിക്കുന്ന സമൂഹാധിഷ്ഠിത സ്വയം പഠന പ്രക്രിയ കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ട ക്യാമ്പെയ്ന് ഡിസംബർ ഒന്നിന് തുടക്കമായി. കേരളത്തിലെ രണ്ടര ലക്ഷം അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയിലൂടെ കുടുംബശ്രീ വനിതകളുടെ ബൗദ്ധിക നിലവാരവും ഇച്ഛാശക്തിയും ഉയർത്തുന്നതിനായി വിവിധ വിഷയങ്ങളിൽ അറിവ് നൽകുക എന്നതാണ് ലക്ഷ്യമിടുന്നത്. 2019 ജനുവരി 13 വരെയാണ് കുടുംബശ്രീ സ്കൂൾ രണ്ടാംഘട്ട ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ നടക്കുക.

കുടുംബശ്രീ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തിന്റെ അടിത്തറയായ അയൽക്കൂട്ടങ്ങൾക്ക് സാമൂഹ്യ സാമ്പത്തിക ശാക്തീകരണത്തോടൊപ്പം അവരുടെ വിജ്ഞാന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള കുടുംബശ്രീയുടെ പരിശ്രമങ്ങളുടെ ഭാഗമാണ് പദ്ധതി. സാധാരണക്കാരായ അയൽക്കൂട്ട വനിതകളെ സാമൂഹ്യ ഉത്തരവാദിത്വത്തെ കുറിച്ച് ബോധവതികളാക്കുന്നതോടൊപ്പം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും മദ്യവും മയക്കുമരുന്നും പോലുള്ള വിപത്തുകളിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിനുമുള്ള പരിശ്രമങ്ങളുടെ ഭാഗമാകുന്നതിനും കുടുംബശ്രീ സ്കൂൾ ഒന്നാം ഘട്ട പദ്ധതിക്ക് കഴിഞ്ഞിരുന്നു. ഇതുവഴി സാമൂഹ്യ മാറ്റത്തിനായി ക്രിയാത്മകമായ ഇടപെടലുകൾ നടത്താനും സാധിച്ചിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് രണ്ടാം ഘട്ടവും നടപ്പാക്കുന്നത്.

സ്ത്രീകളുടെ വ്യക്തിത്വ വികസനം, നേതൃത്വപാടവം, അവകാശങ്ങളെ കുറിച്ചുള്ള അറിവ്, കാര്യശേഷി വികസനം എന്നിവയിൽ പരിശീലനം നൽകും. അയൽക്കൂട്ട വനിതകളെ കുടുംബത്തിന്റെയും അയൽക്കൂട്ടത്തിന്റെയും കാര്യക്ഷമമായ ധനവിനിയോഗത്തിന് പ്രാപ്തരാക്കുക, പ്രകൃതി ദുരന്തങ്ങളെ നേരിടേണ്ടി വരുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ സന്നദ്ധ സേനയായി പ്രവർത്തിക്കുന്നതിനുള്ള കഴിവു നേടുക, കുടുംബശ്രീ പദ്ധതികളുടെ നടത്തിപ്പിലും വിലയിരുത്തലിലും ക്രിയാത്മകമായ പിന്തുണ നൽകുക, അയൽക്കൂട്ട പ്രവർത്തനങ്ങളെയും ലഘുസമ്പാദ്യ വായ്പാ പ്രവർത്തനങ്ങളെയും ക്രമപ്പെടുത്തുക, അയൽക്കൂട്ട അംഗങ്ങൾക്ക് കണക്കെഴുത്തുകൾ കുറ്റമറ്റ രീതിയിൽ നടത്താനുള്ള പ്രായോഗികമായ അറിവും കഴിവും നൽകുക, പ്രാദേശിക വികസനത്തിലും അതുമായി ബന്ധപ്പെട്ട ആസൂത്രണത്തിലും പദ്ധതികളുടെ നടത്തിപ്പിലും പ്രാദേശിക കൂട്ടായ്മ എന്ന നിലയിൽ അയൽക്കൂട്ട അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടം നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി അയൽക്കൂട്ടവനിതകൾക്ക് പരിശീലനം നൽകുന്നതിന് വിദഗ്ധരുടെ നേതൃത്വത്തിൽ ആറ് വ്യത്യസ്ത പാഠ്യവിഷയങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പരിശീലന പരിപാടിയുടെ ഭാഗമായി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും മൊബൈൽ ആപ്ളിക്കേഷൻ വഴി തൽസമയം രേഖപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.

**ഡിസംബർ ഒന്ന് മുതൽ ജനുവരി 13 വരെ**

ഏഴ് അയൽക്കൂട്ടങ്ങൾക്ക് ഒരധ്യാപകൻ എന്ന കണക്കിൽ സംസ്ഥാനമൊട്ടാകെ സന്നദ്ധ സേവന മാതൃകയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള 43,000 അധ്യാപകരുടെ നേതൃത്വത്തിലാണ് കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ട ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. അയൽക്കൂട്ട യോഗങ്ങൾ ചേരുമ്പോൾ രണ്ടു മണിക്കൂർ വീതം ഏഴ് ആഴ്ചകളിലായാണ് പരിശീലനം. ഇപ്രകാരം 12 മണിക്കൂറും സജീവമായി പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റും നൽകും.

## റീസർജന്റ് കേരള ലോൺ സ്കീം: പലിശരഹിത വായ്പയായി ഇതുവരെ നൽകിയത് 337 കോടി രൂപ

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പായി ലഭിക്കുന്ന റീസർജന്റ് കേരള ലോൺ സ്കീം പദ്ധതി ഊർജിതമാകുന്നു. പദ്ധതി പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 337 കോടി രൂപയാണ് ഇതുവരെ വായ്പയായി നൽകിയത്. സംസ്ഥാനത്തെ സി.ഡി.എസുകൾ മുഖേന 21200 അയൽക്കൂട്ടങ്ങളുടെ വായ്പാ അപേക്ഷകൾ ഇതുവരെ ബാങ്കുകളിൽ സമർപ്പിച്ചിട്ടുണ്ട്.

ഇതിൽ നിന്നും 6358 അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾക്ക് ബാങ്കുകൾ വായ്പ അനുവദിച്ചു. ഇതുവഴി 39770 ഗുണഭോക്താക്കൾക്ക് വായ്പയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുകയാണ്.

പദ്ധതി പ്രകാരം സംസ്ഥാനത്തെ അയൽക്കൂട്ടങ്ങൾ സമർപ്പിച്ച അപേക്ഷകളിൻ മേൽ 997 കോടി രൂപയാണ് വായ്പയായി വേണ്ടത്. ഇതിൽ നിന്നാണ് ഇപ്പോൾ 337 കോടി രൂപ വായ്പയായി അനുവദിച്ചത്. ഇതു വരെ ഏറ്റവും കൂടുതൽ വായ്പ അനുവദിച്ച ജില്ല എറണാകുളമാണ്. ജില്ലയിലെ വിവിധ ബാങ്കുകൾ മുഖേന അയൽക്കൂട്ടങ്ങൾക്ക് 146 കോടി രൂപയാണ് വായ്പയായി അനുവദിച്ചത്. 89 കോടി രൂപ വായ്പ അനുവദിച്ച് തൃശൂർ ജില്ലയാണ് രണ്ടാമത്. അർഹരായ എല്ലാ അംഗങ്ങൾക്കും വായ്പ ലഭ്യമാക്കുന്നതിനുള്ള ഫീൽഡ്തല നടപടികളും പൂർത്തിയായി വരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അതത് ജില്ലാമിഷനുകളാണ് നേതൃത്വം വഹിക്കുക.

പ്രളയക്കെടുതികൾ മൂലം ഗൃഹോപകരണങ്ങൾ നഷ്ടമായ അയൽക്കൂട്ട വനിതകൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ചെറിയതോതിൽ ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനുമാണ് വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് വായ്പാ തുക ഉപയോഗിച്ച് കുടുംബശ്രീയുടെ ഡിസ്ക്കൗണ്ട് പർച്ചേസ് സ്കീം പ്രകാരം കുടുംബശ്രീയുമായി ധാരണാപത്രം ഒപ്പുവച്ച പതിനഞ്ച് കമ്പനികളിൽ നിന്നും അമ്പതു ശതമാനം വരെ വിലക്കുറവിൽ നാനൂറോളം വ്യത്യസ്ത ഉൽപന്നങ്ങൾ തങ്ങളുടെ ആവശ്യമനുസരിച്ച് വാങ്ങാനാകും.

# ഉത്പാദകർക്കും ഉപഭോക്താക്കൾക്കും തുണയായി കുടുംബശ്രീ മാസച്ചന്തകൾ




- ഈ വർഷം ഇതുവരെ വിറ്റുവരവ് രണ്ട് കോടിയിലേറെ
- 753 മാസച്ചന്തകൾ സംഘടിപ്പിച്ചു

കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നത് ലക്ഷ്യമിട്ട് കുടുംബശ്രീ തുടക്കമിട്ട മാസച്ചന്തകൾ വഴി ഈ സാമ്പത്തിക വർഷം ഇതുവരെ 2.15 കോടി രൂപയുടെ വിറ്റുവരവ്. നിലവിലുള്ളതും പുതുതായി തുടങ്ങിയതുമായ കുടുംബശ്രീ സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് സ്ഥിര വിപണി സാധ്യമാക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് മികച്ച നിലവാരത്തിലുള്ള ഉത്പന്നങ്ങൾ ഉത്പാദകരിൽ നിന്ന് നേരിട്ട് തന്നെ വാങ്ങാനുള്ള അവസരവുമാണ് മാസച്ചന്തകൾ നൽകുന്നത്. 753 മാസച്ചന്തകളാണ് ഇതുവരെ സംഘടിപ്പിച്ചത്. 1500ലേറെ സൂക്ഷ്മ സംരംഭകർ മാസച്ചന്തകളിൽ പങ്കെടുത്ത് തങ്ങളുടെ ഉത്പന്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിച്ചു.

ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് അടിസ്ഥാനത്തിലാണ് ഓരോ ജില്ലയിലും മാസച്ചന്തകൾ സംഘടിപ്പിക്കുന്നത്. 152 ബ്ലോക്കുകൾക്ക് പുറമെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാസച്ചന്തകൾ സ്ഥിരമായി സംഘടിപ്പിക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. ഈ വർഷം ജൂലൈ മുതലാണ് നഗര പ്രദേശങ്ങളിൽ മാസച്ചന്തകൾ സംഘടിപ്പിച്ച് തുടങ്ങിയത്. തെരഞ്ഞെടുക്കപ്പെട്ട ഓരോ സിഡിഎസുകൾക്കാണ് (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ) അതാത് ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ മാസച്ചന്തകൾ സംഘടിപ്പിക്കാനുള്ള ചുമതല. സംഘാടനത്തിന്റെ മേൽനോട്ടം കുടുംബശ്രീ ജില്ലാ മിഷനുകൾക്കും.

ഓരോ ബ്ലോക്കിനും നഗരഭരണ പ്രദേശത്തിനും കീഴിലുള്ള എല്ലാ സിഡിഎസുകളിലെയും സംരംഭകരുടെ സാന്നിധ്യം മാസച്ചന്തകളിൽ ഉറപ്പാക്കുന്നു. മാസച്ചന്തകളിൽ പങ്കെടുക്കാൻ താത്പര്യമുള്ള സംരംഭകരുടെ വിവരങ്ങൾ സിഡിഎസ് ശേഖരിക്കും. പുതുതായി ആരംഭിച്ചതും ലാഭത്തിലേക്ക് എത്തുവാൻ ബുദ്ധിമുട്ടുന്നതുമായ സംരംഭകർക്ക് മുൻഗണന നൽകുന്നു. ഓരോ ബ്ലോക്കിലും ഉപഭോക്താക്കൾ കൂടുതലായി എത്താൻ സാധ്യതയുള്ള ഇടങ്ങളിൽ എല്ലാ മാസവും നിശ്ചിത തിയതികളിലാണ് മാസച്ചന്തകൾ സംഘടിപ്പിക്കുന്നത്. ഒരു മാസച്ചന്തയുടെ കാലയളവ് മൂന്ന് ദിവസം മുതൽ അഞ്ച് ദിവസം വരെയാണ്.

## പദ്ധതി പ്രവർത്തന പുരോഗതി: മലപ്പുറം ജില്ല

അഗതിരഹിത കേരളം 17

മലപ്പുറം ജില്ലയിലെ അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതിയെക്കുറിച്ചാണ് ഈ ലക്കം. ജില്ലയിൽ 29501 കുടുംബങ്ങളുടെ മൊബൈൽ സർവ്വേ പൂർത്തിയാക്കി. ഇതിൽ 16220 കുടുംബങ്ങളെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ കുടുംബങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 37556 പേർ ഗുണഭോക്താക്കളാകും. ഇതിൽ 488 പേർ എസ്ടി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് . 3057 കുട്ടികളും ഇതിൽ ഉൾപ്പെടും. ആകെ 106 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്.

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 102 |
| പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ | 92 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 92 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 91 |
| പ്രോജക്ടുകൾ തയ്യാറാക്കിയവ | 17 |

**അടുത്തലക്കം: കോഴിക്കോട് ജില്ലയുടെ പുരോഗതി**
കൂടുതൽ വിവരങ്ങൾക്ക് : dfk.ksm@gmail.com

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Vargheese, Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com